**Volume 06**
**Issue 49**
**24 April, 2016**

**Uyirpukalam V**
**Is 49:7-13**
**Act 9:1-9**
**Heb 10:19-25**
**Jn 21:1-14**




# ഉത്ഥിതനെ തിരിച്ചറിയുക

**Rev Bro George Panachickal**

ജീവിതത്തിൽ ഒത്തിരിയേറെ നേടിയവരും സ്വന്തമാക്കിയവരുമാണ് നാം മനുഷ്യർ. ശാസ്ത്രത്തിന്റെ മേഖലകളിലെ ദിനം പ്രതിയുള്ള വളർച്ച, ആരോഗ്യമേഖലകളിലുള്ള നേട്ടങ്ങൾ, വിദ്യാഭ്യാസ മേഖലകളിലെ ഉയർച്ച, സാമ്പത്തികമായ ഉന്നതി എന്നിങ്ങനെ ഒത്തിരിയേറെ. എന്നാൽ അവസാനം എല്ലാം സ്വന്തമാക്കിയ നാം തന്നെ ശൂന്യതാബോധത്തിൽ ജീവിക്കുന്ന അവസ്ഥയാണ് പലപ്പോഴും കാണാൻ സാധിക്കുക. എന്താണിതിനു കാരണം? എല്ലാം സ്വന്തമാക്കുന്ന നാം സ്വന്തമാക്കേണ്ടവ സ്വന്തമാക്കുവാൻ മറക്കുന്നതു തന്നെ.

ഇന്നത്തെ തിരുവചനവും നമ്മോടു പറയുക സ്വന്തമാക്കലിന്റെ ആവശ്യകതയെപ്പറ്റിയാണ്. ക്രിസ്തുവിനെ സ്വന്തമാക്കേണ്ടതിനെപ്പറ്റി. ശിഷ്യർ എല്ലാം സ്വന്തമാക്കിയവരായിരുന്നു. മൂന്നു വർഷത്തെ ക്രിസ്തുവിന്റെ പരിശീലനകളരിയിൽ നിന്നും. എന്നാൽ അവസാനം പരാജയം നേടിയവരും. എന്തെന്നാൽ ശിഷ്യർ യഥാർത്ഥ ധനമായ ക്രിസ്തുവിനെ സ്വന്തമാക്കുവാനായി പലപ്പോഴും മറന്നുപോയിരുന്നു. അഥവാ ഉപേക്ഷിക്കേണ്ടവ പൂർണ്ണമായി ഉപേക്ഷിക്കാൻ മറന്നുപോയിരുന്നു. ക്രിസ്തു തങ്ങളെ മനുഷ്യരെ പിടിക്കുവാനായി ക്ഷണിച്ച അതേ സ്ഥലത്ത് വച്ച് തന്നെ ക്രിസ്തുവിനെ ഉപേക്ഷിച്ച് നിരാശയോടെ വിശ്വാസരഹിതരായി വീണ്ടും തങ്ങളുടെ പഴയ തൊഴിൽ തേടിയിറങ്ങുന്ന ശിഷ്യഗണത്തെയാണ് വി. യോഹന്നാൻ ശ്ലീഹാ 21-ാം അദ്ധ്യായം 1 മുതൽ 14വരെ യുള്ള വാക്യങ്ങളിലൂടെ നമ്മുടെ മുൻപിൽ ചിത്രീകരിക്കുക.

നാം ഉപേക്ഷിച്ചവയെ പൂർണ്ണമായും ഉപേക്ഷിക്കുന്നില്ലായെങ്കിൽ അവസരം വരുമ്പോൾ അത് നമ്മെ തേടിയെത്തി നമ്മിൽ പിടിമുറുക്കും. ആകയാൽ ഉപേക്ഷിക്കുന്നവയെ വെറുത്താൽ മാത്രം പോരാ, സ്വീകരിക്കുന്നവയെക്കൊണ്ട് ഹൃദയം നിറയണം. അല്ലെങ്കിൽ ഹൃദയത്തിൽ ഒരു ശൂന്യത ഉണ്ടാകുകയും അത് നമ്മെ കീഴ്പ്പെടുത്തുകയും ചെയ്യും.

“ക്വോവാദീസ്”എന്ന പ്രശസ്തമായ ഒരു നോവലുണ്ട്. ക്രിസ്തീയതക്കെതിരായി പീഡനങ്ങൾ ശക്തിപ്പെട്ടുവന്ന ആദ്യനാളുകൾ. അനേകം ക്രൈസ്തവർ പീഡനങ്ങൾക്കും മരണത്തിനുവരെയും ഇരയായ നേരം. സഭയുടെ നേതാവായ പത്രോസ് ഭയചകിതനായി. സുരക്ഷിതരായിരിക്കാനുള്ള ആഗ്രഹത്തോടെ റോമിൽ നിന്നും ദൂരെ ദേശത്തേയ്ക്കു യാത്രയായി. വഴി മദ്ധ്യേ യേശു എതിരെ വരുന്നു. അവിടുന്ന് കുരിശ് എന്തിയിരിക്കുന്നു. ഇതുകണ്ട് പത്രോസ് യേശുവിനോടു ചോദിച്ചു. “നീ എവിടെ പോകുന്നു”?. (ക്വോവാദീസ് ) ഈശോ പറഞ്ഞു “ഞാൻ റോമിലേയ്ക്കു പോവുകയാണ്. ഒരു പ്രാവശ്യം കൂടി ക്രൂശിക്കപ്പെടാനായി. നീ ഭയപ്പെടേണ്ട രക്ഷപ്പെട്ടുകൊള്ളുക”

പത്രോസിൽ ഈ ക്രിസ്തുവചനം വലിയ മാറ്റങ്ങൾ തന്നെ സൃഷ്ടിച്ചു. ക്രിസ്തുവിനെ മനസ്സു നിറയെ സ്വന്തമാക്കി ധൈര്യസമേതം റോമിലേക്ക് തിരിച്ചുപോയി അവൻ രക്തസാക്ഷിത്വം വരിച്ചു.

പ്രിയമുള്ളവരെ കൂടെ നടന്ന ശിഷ്യരുടെ വലിയ പരാജയവും പിന്നിട് ക്രിസ്തുവിനെകണ്ടുകഴിഞ്ഞപ്പോഴുണ്ടായ മാറ്റവുമാണ് നാം ഇന്നിവിടെ ശ്രവിച്ചത്. കണ്ണുകൽ തുറക്കപ്പെടാത്ത അനുഭവങ്ങളുമായി ജീവിക്കുന്നവർക്ക് മുൻപിൽ വീണ്ടും നീതി സൂര്യനായി ക്രിസ്തു ഉദിച്ചുയരുന്ന കാഴ്ച. "നീ സത്യമായും ദൈവപുത്രനാണ്." (യോഹ 1-49, മത്താ16-16) എന്നു പറഞ്ഞ ക്രിസ്തു ശിഷ്യർ തന്നെ അവനിൽ വിശ്വസിക്കാതെ വലകൾ തങ്ങളെ രക്ഷിക്കുമെന്നു പ്രതീക്ഷയിൽ നടന്നകലുന്ന വിഷമകരമായകാഴ്ച. മുന്നുവർഷത്തെ കൂടെനടപ്പ് വെറും മൂന്നു ദിവസങ്ങൾക്കൊണ്ട് വ്യഥാവിലാകുന്ന അവസരം. എന്നാൽ യേശുവിന്റെ ശക്തി അറിഞ്ഞിരുന്ന പ്രകൃതി (മർക്കോസ് 4:35-41) അവർക്ക് എതിരാളിയായി നിലക്കൊള്ളുന്നു. സർവ്വവും അറിയാമെന്നു കരുതിയവർ രാവേറിയ അദ്ധ്വാനത്തിനൊടുവിൽ പരാജിതരായി മാറുന്നു. ക്രിസ്തുവില്ലാതെയുള്ള ശിഷ്യരുടെ അദ്ധ്വാനം ഫലം നേടാതെ പോകുന്നു.

ദൈവഹിതമല്ലാത്ത അദ്ധ്വാനങ്ങൾ ശൂന്യത സമ്മാനിക്കുന്നു. ദൈവം കൂടെയില്ലാതെ നാം ചെയ്യുന്നതൊക്കെയും ഫലശൂന്യമായി ഭവിക്കുന്നു എന്ന് ഇന്നത്തെ തിരുവചനം നമ്മോട് പറയുന്നു. പലപ്പോഴും പരീക്ഷാകാലത്ത് പ്രാർത്ഥനയ്ക്കുപോലും സമയം മാറ്റിവയ്ക്കാതെ നമ്മുടെ മക്കൾ പഠിക്കുമ്പോൾ, ഞായറാഴ്ചകളിൽ പോലും പള്ളിയിൽ പോകാതെ നാം ജോലികൾക്കായി മാറ്റി വയ്ക്കുമ്പോൾ, ദൈവാനുഗ്രഹം തേടാതെ ഇന്റർവ്യൂകൾ മാറി മാറി നാം നടത്തുമ്പോൾ തിരിച്ചറിയുക ഫലം "പരാജയം" മാത്രമായിരിക്കുമെന്ന്. കാരണം നിന്നെ സൃഷ്ടിച്ചവനെ കൂട്ടു പിടിക്കാതെ നീ എന്തെങ്കിലും നേടാം എന്ന് കരുതുന്നുണ്ടെങ്കിൽ അത് ഒന്നു മാത്രമായിരിക്കും "പരാജയം."

എന്നാൽ ക്രിസ്തു ഒപ്പമുള്ള ജീവിത നിമിഷങ്ങൾ നമുക്കേകുക പരിധിയിലധികം നേട്ടമായിരിക്കുമെന്ന് നിറഞ്ഞ വലയുമായി കയറി വരുന്ന ശിഷ്യർ പഠിപ്പിക്കുന്നു. ക്രിസ്തുവിന്റെ കടന്നുവരവ് നേട്ടങ്ങൾ മാത്രമല്ല നമ്മുടെയൊക്കെ ജീവിത്തിൽ വരുത്തുക അതിനുമപ്പുറം നമ്മിലെ ഇരുളടഞ്ഞ മേഖലകൾ മാറ്റി വെളിച്ചം വിതറുക കൂടി ചെയ്യും.

ഉഷസ്സ് നന്മയുടെ പ്രതീകമാണ്. വി.യോഹന്നാൻ ശ്ലീഹായുടെ ഭാഷയിൽ പ്രകാശമായ ക്രിസ്തുവിന്റെ സാന്നിധ്യമാണ്. ക്രിസ്തു കടൽക്കരയിൽ വന്നപ്പോൾ പ്രഭാതമായി അഥവാ ഇരുൾ നീങ്ങി ക്രിസ്തു ജീവിതത്തിലേയ്ക്കു കടന്നുവരുമ്പോൾ ഏതു ജീവിതത്തിനാണ് പ്രകാശിക്കാതിരിക്കാനാവുക. സക്കേവൂസും പാപിനിയായ സ്ത്രീയുമെല്ലാം ഇതിനുത്തമ ഉദാഹരണങ്ങളാണ്.

ക്രിസ്തു ഉത്ഥിതനായിട്ട് 2000 വർഷങ്ങൾ പിന്നിട്ടു. ഇപ്പോഴും അവന്റെ സാന്നിധ്യം അനുഭവിക്കാനാവാത്ത വിധം ഇരുട്ടിൽ തന്നെയോ? ഉത്ഥിതനെ തിരിച്ചറിയാൻ കഴിയാതാവുക എന്നത് വിശ്വാസത്തിന്റെ കുറവാണ്. അവർ അവനെ തിരിച്ചറിഞ്ഞില്ലാ എന്ന വചനം തന്നെ ഉത്ഥാനത്തിന്റെ ഉള്ളറകളെ സൂചിപ്പിക്കുന്നു. ക്രിസ്തുവിന്റെ സാന്നിധ്യത്തെ തിരിച്ചറിയാതെ പോകുന്ന ശിഷ്യർ അവിശ്വാസത്തിന്റെ അന്ധകാരം ഉഷസ്സായിട്ടും അവരെ പൂർണ്ണമായും വിട്ടകന്നിട്ടില്ല എന്നതിന്റെ സൂചനകൂടിയാണ്.

എങ്കിൽ പോലും മാതൃസഹജമായ വാത്സല്യത്തോടും സ്നേഹത്തോടും കാത്തിരിക്കുന്ന ഉത്ഥിതനെയാണ് നാമിവിടെ ദർശിക്കുക. അദ്ധ്വാനഭാരത്താൽ തളർന്ന ശിഷ്യർക്ക് ഭക്ഷിക്കുവാൻ മീനും അപ്പവും ഒരുക്കപ്പെട്ടിരുന്നു. തണുപ്പകററാനായി തീ കൂട്ടിയിരുന്നു. ദൈവത്തിന്റെ പരിഭവമോ പരാജയങ്ങളോ, ശകാരമോ, ഒട്ടും തന്നെയില്ലാത്ത കരുതലുള്ള സ്നേഹപ്രകടനത്തിന്റെ ഏറ്റവും ഉദാത്തമായ മാതൃക.

യേശു തന്റെ പ്രിയ ശിഷ്യരോടു കാണിച്ച ഈ വലിയ കരുണയും സ്നേഹവും കരുതലും വീണ്ടും അനുദിനം വി. കുർബാനയിലൂടെ അനുഭവിച്ചറിയുകയാണ് നാം. പാപികളായിരുന്നിട്ടും കാരുണ്യത്തിന്റെ കൂദാശയായ ദിവ്യകാരുണ്യത്തിലൂടെ അവിടുന്നു നമുക്ക് ഈ മാതൃസ്നേഹം പകർന്നു നൽകുന്നു. നമുക്ക് ഉത്ഥിതനായ ഈശോയോടു പ്രാർത്ഥിക്കാം. ഈശോയെ ഈ കരുണയുടെ വർഷത്തിൽ നിന്നിലുള്ള വിശ്വാസത്തിൽ കൂടുതൽ ആഴപ്പെട്ട് ജീവിക്കുവാനും സഹജീവികളോട് കരുണ കാണിക്കുവാനുമുള്ള കൃപയ്ക്കായി ഞങ്ങളെ അനുഗ്രഹിക്കണമെയെന്ന്.